## വിജ്ഞാപനം

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്ക് ഭൂമി വിൽക്കുന്നതിന് തയ്യാറുള്ള പാലക്കാട് ജില്ലയിലെ ഭൂ ഉടമകളിൽ നിന്ന് നേരിട്ട് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു ഇപ്രകാരം സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻ (റ്റി.ആർ.ഡി.എം) ജില്ലാ മിഷൻ ചെയർമാൻ കൂടിയായ ജില്ലാ കളക്ടർമാർ മുഖേന ഭൂമി വാങ്ങുന്നതിലേയ്ക്ക് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥർ തങ്ങളുടെ ഉടമസ്ഥതയിലുള്ള വാസയോഗ്യമായ ഭൂമി (കുടിവെള്ളലഭ്യത, റോഡ്, വൈദ്യുതി, തുടങ്ങിയവയടക്കം, യാതൊരു വിധ നിയമക്കുരുക്കുകളിലും ഉൾപ്പെടാത്ത, ബാധ്യതകളില്ലാത്ത ഉത്തമഭൂമി) വിൽക്കുന്നതിന് തയ്യാറെന്ന സമ്മതപത്രം ഉൾപ്പെടുത്തി വേണം അപേക്ഷ അതത് ജില്ലാകളക്ടർമാർക്ക് സമർപ്പിയ്ക്കേണ്ടത്. കുറഞ്ഞത് ഒരേക്കർ വരെയുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് വിൽപനയ്ക്കായി അപേക്ഷിയ്ക്കാവുന്നതാണ്. തികച്ചും സുതാര്യവും വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് ഉദ്ദേശിച്ച് ആവിഷ്ക്കിച്ച ഈ പദ്ധതി സർക്കാർ ഉത്തരവ് (സാധാ) നം.21/2018/ പജപവവിവ തിരുവനന്തപുരം തീ.03/03/2018. എന്ന ഉത്തരവിലെ വ്യവസ്ഥകൾക്കും സർക്കാർ ഭൂമി വാങ്ങൽ സംബന്ധിച്ച നിയമ നിബന്ധനകൾക്കും വിധേയമായിരിയ്ക്കും. ഭൂമി തെരഞ്ഞെടുക്കുന്നതിനും ഗുണനിലവാരം നിശ്ചയിയ്ക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിയ്ക്കുന്നതിനും നിരസിയ്ക്കുന്നതിനും ജില്ലാകളക്ടർ മാർക്ക് വിവേചനാധികാരം ഉണ്ടായിരിയ്ക്കുന്നതാണ്. തർക്കങ്ങളിലും മറ്റും സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തീരുമാനം അന്തിമമായിരിയ്ക്കും. ഭൂമി വിൽക്കുന്നതിന് താൽപര്യമുള്ള ഭൂ ഉടമകൾക്ക് കൂടുതൽ വിവരങ്ങൾ ജില്ലാ കളക്ടർമാർ, ജില്ലാ പട്ടികവർഗ്ഗ വികസന പ്രോജക്ടാഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റാഫീസർമാർ എന്നിവരിൽ നിന്നും ലഭ്യമാണ്.

അപേക്ഷ സ്വീകരിയ്ക്കുന്ന അവസാനതീയതി 25.4.2018 - 5 PM.

23/3/18

D/C. PKD

23/3/18